# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6062 — 10.07.2012 ൽ മറുപടിക്ക്

## വിമാനത്താവളങ്ങളിൽ നോർക്ക ലെയ്സൺ ഓഫീസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ: | ശ്രീ. കെ. സി. ജോസഫ് (ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) സ്വദേശത്തെയും, മലയാളികൾ ധാരാളമായി അധിവസിക്കുന്ന വിദേശ രാജ്യങ്ങളിലെയും വിമാനത്താവളങ്ങളോടനുബന്ധിച്ച് നോർക്കയുടെ ലെയ്സൺ ഓഫീസുകൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ അവ അടിയന്തിരമായി ആരംഭിക്കുവാനും പ്രവാസി ക്ഷേമ നിധി പദ്ധതിയെക്കുറിച്ചും മറ്റ് ആനുകൂല്യങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ പ്രസ്തുത ലെയ്സൺ ഓഫീസുകളിൽ നിന്നും മലയാളികൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ബി) രാജ്യത്തെ പ്രധാന നഗരങ്ങളിലും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നോർക്കയുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. യു. എ. ഇ., സൗദി അറേബ്യ എന്നീ രാജ്യങ്ങളിൽ നോർക്ക-റൂട്ട്സ് റസിഡന്റ് പ്രതിനിധി പ്രവർത്തിക്കുന്നുണ്ട്. വിദേശങ്ങളിലേയും, രാജ്യത്തെയും വിമാനത്താവളങ്ങളോടനുബന്ധിച്ച് നോർക്ക ഓഫീസുകൾ തുടങ്ങുക എന്നത് സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. |

സെക്ഷൻ ഓഫീസർ